154746/2019/FC DCTSR

From 9.5.2019

ഡോ ചാക്കോ ജോസ് പി
അസ്സോസിയേറ്റ് പ്രൊഫസർ
സാമ്പത്തിക ശാസ്ത്ര വിഭാഗം
സേക്രഡ് ഹാർട്ട് കോളേജ്, ചാലക്കുടി
(ചെയർപേഴ്സൺ, ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടർ രൂപീകരിച്ച സമിതി)

കളക്ടറേറ്റ്
10 MAY 2019
തൃശ്ശൂർ-680003

To
ജില്ലാ കലക്ടർ
തൃശ്ശൂർ

മാഡം,

വിഷയം : ചിറങ്ങര റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത യൂണിറ്റ് രാജഗിരി ഔട്ട് റീച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടർ നിയമിച്ച വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നു

സൂചന : 1. ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ DCTSR/2405/2018/E5 തീയതി :14/03/2019

2: 2019 ഏപ്രിൽ 4, 2019 ഏപ്രിൽ 25, തീയതികളിൽ ചേർന്ന വിദഗ്ധ സമിതിയുടെ അവലോകന യോഗങ്ങളുടെ മിനിട്സ്, 2019 ഏപ്രിൽ 25നു നടന്ന സ്ഥല സന്ദർശനത്തിന്റെ മിനിട്സ്.

സൂചനകളിലേക്കു അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) ഉത്തരവ് പ്രകാരം വിലയിരുത്തൽ അന്തിമ റിപ്പോർട്ടും യോഗങ്ങളുടെ മിനിട്സ് സഹിതം മേൽ നടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

9/5/19

ഡോ ചാക്കോ ജോസ് പി
(സമിതി ചെയർപേഴ്സൺ)

പകർപ്പ്: വിദഗ്ധ സമിതി അംഗങ്ങൾക്ക്, മിനിട്സ് പകർപ്പ് സഹിതം

**RFCT LARR Act 2013 (The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരം, തൃശ്ശൂർ ജില്ലയിൽ ചിറങ്ങര റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത യൂണിറ്റ് രാജഗിരി ഔട്ട് റീച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടർ നിയമിച്ച വിദഗ്ധ സമിതി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട്**

ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ DCTSR/2405/2018/E5 തീയതി :14/03/2019 പ്രകാരം 7 അംഗങ്ങൾ അടങ്ങുന്ന വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. സമിതി അംഗങ്ങളുടെ വിശദ വിവരം അന്യത്ര ചേർത്തിട്ടുണ്ട്. സമിതിയുടെ ആദ്യ യോഗം 2019 ഏപ്രിൽ 4ന് തൃശ്ശൂർ കളക്ടറേറ്റിൽ ഡെപ്യൂട്ടി കലക്ടർ (ൽ. എ) യുടെ ചേംബറിൽ, ചെയർപേഴ്സൺ ചാക്കോ ജോസ് പി യുടെ അധ്യക്ഷതയിൽ 11 മണിക്ക് ചേർന്നിട്ടുള്ളതാണ്. സമിതിയിലെ എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു. സമിതി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിശകലനം ചെയ്തു. 2019 ഏപ്രിൽ 25ന് 11 മണിക്ക് ചിറങ്ങരയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സമിതി സന്ദർശിച്ചിട്ടുള്ളതാണ്. തുടർന്ന് 1.00 മണിക്ക് ചാലക്കുടി, സേക്രഡ് ഹാർട്ട് കോളേജ് കോൺഫ്രൻസ് ഹാളിൽ യോഗം ചേരുകയും സമിതിയുടെ അന്തിമ കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ ചെയർപേഴ്സൺ ചാക്കോ ജോസ് പിയെ ചുമതലപ്പെടുത്തി.

വിദഗ്ധ സമിതി താഴെ പറയുന്ന വസ്തുതകൾ സമർപ്പിക്കുന്നു.

1. ചിറങ്ങര ലെവൽ ക്രോസിങ്ങ് നമ്പർ 56ന് പകരം മേൽപ്പാലം നിർമ്മിക്കുന്നത് വഴി വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും യാത്ര സുരക്ഷിതം ആകും. വാഹനങ്ങളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനയും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും ചിറങ്ങര ലെവൽ ക്രോസിങ്ങിലെ ഗതാഗത കുരുക്കിന് കാരണമാകുന്നു.

ഇതുമൂലം സമയ നഷ്ടം, പരിസ്ഥിതി മലിനീകരണം, ഇന്ധന നഷ്ടം, തുടങ്ങിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നുണ്ട്. പ്രസ്തുത പദ്ധതി മൂലം സുഗമമായതും വേഗത്തിലുള്ളതുമായ ഗതാഗതം സാധ്യമാകും.

2. സാമൂഹ്യ പ്രത്യാഘാതപഠന റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത് പ്രകാരം (പേജ് 15) റെയിൽവേ മേൽപ്പാലത്തിനായി വേറെ അനുയോജ്യസ്ഥലം ഇല്ലാത്തതിനാൽ ഇതര മാർഗ്ഗങ്ങൾ ഒന്നും തന്നെ പരിഗണിച്ചിട്ടില്ല.

3. ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി ഏകദേശം 0.1445 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത ഭൂമിയ്ക്ക് 27 ഭൂഉടമകൾ ഉണ്ട്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമരേഖ, പേജ് നമ്പർ 32 , പട്ടിക 2.2.1, പട്ടിക 4.2.2 എന്നിവ പ്രകാരം 27 കുടുംബങ്ങളുടെ (ഒരു സ്ഥാപനം ഉൾപ്പെടെ) ഭൂമി നഷ്ടപ്പെടും, 3 കുടുംബങ്ങളുടെ വീടും സ്ഥലവും നഷ്ടപ്പെടും, കടകൾ പൊളിച്ചു മാറ്റുന്നതിലൂടെ 20 കുടുംബങ്ങളുടെ ഉപജീവന മാർഗ്ഗം നഷ്ടപ്പെടും, 6 കുടുംബങ്ങൾക്ക് മറ്റു നഷ്ടങ്ങൾ (ഗെയിറ്റ്, മതിൽ) ഉണ്ടാകും. ഇതിനു പുറമെ തെങ്ങ്, കുരുമുളക്, പ്ലാവ്, മാവ്, റംബുട്ടാൻ, രക്തചന്ദനം തുടങ്ങിയ മരങ്ങളും പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റേണ്ടി വരും. (പേജ് 33, പട്ടിക 4.2.3). പദ്ധതി പ്രദേശത്തെ കുടുംബങ്ങൾ ഉപയോഗിക്കുന്ന രണ്ടു പൊതു വഴികളും ആഘാത ബാധിതമാകുന്നു (പേജ് 38).

4. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖയിൽ പതിനൊന്നാം അദ്ധ്യായത്തിൽ പദ്ധതിയുടെ നേട്ടങ്ങളും നഷ്ടങ്ങളും പ്രതിപാദിച്ചിട്ടുണ്ട്.

5. RFCT LARR Act 2013, സെക്ഷൻ 7 പ്രകാരം, സമിതി അംഗംങ്ങൾ താന്താങ്ങളുടെ വൈദഗ്ധ്യം ഉപയോഗിച്ച് 'സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമരേഖ' വിലയിരുത്തുകയും, ചർച്ചചെയ്യുകയും,

സ്ഥല സന്ദർശനം നടത്തുകയും ചെയ്തതിന്റെ വെളിച്ചത്തിൽ താഴെ പറയുന്ന ശുപാർശ സമർപ്പിക്കുന്നു.

(a) സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ രാജാഗിരി ഔട്ട് റീച്ച്, കളമശ്ശേരി സമർപ്പിച്ച സാമുഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമരേഖയിൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ ശരിയാണെന്നു ബോധ്യപ്പെട്ടു.

(b) പദ്ധതിയുടെ നേട്ടങ്ങൾ നഷ്ടങ്ങളെക്കാളും വളരെ അധികമായതിനാൽ, ആഘാത ബാധിതം ആകുന്ന കുടുംബങ്ങൾക്ക് / സ്ഥാപനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നത് മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും പരിഗണിച്ചു 'ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും ഉള്ള അവകാശനിയമം 2013 (RFCT LARR Act 2013)' ന്റെ വെളിച്ചത്തിൽ, കേരള സംസ്ഥാനത്തിൽ നിലനിൽക്കുന്ന പ്രസക്ത നിയമങ്ങൾ അനുസരിച്ചു ന്യായമായ നഷ്ടപരിഹാരവും പുനഃസ്ഥാപനവും നൽകി ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന് സ്ഥലം ഏറ്റെടുക്കാവുന്നതാണ്. (പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും ആവശ്യമായ ബഡ്ജറ്റ് വകയിരുത്തിയിട്ടുണ്ട് എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തിയിട്ടുണ്ടെന്ന് അന്തിമ വിലയിരുത്തൽ പഠന രേഖയുടെ പേജ് നമ്പർ 47 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.)

(C) ഏറ്റെടുക്കപെടുന്ന സ്ഥലത്തോട് ചേർന്ന് തങ്ങളുടെ ബാക്കിയാകുന്ന സ്ഥലം കൂടി ഏറ്റെടുക്കണം എന്ന ഉടമകളുടെ ആവശ്യം ബാധകമായ നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് അനുഭാവപൂർവം പരിഗണിക്കേണ്ടതാണ്.

(d) കുടിയൊഴിക്കപ്പെടുന്ന കുടുംബങ്ങൾക്കും വ്യാപാര സ്ഥാപനങ്ങൾ നടത്തുന്നവർക്കും പ്രത്യേക പരിഗണന നൽകണം.

(e) പ്രസ്തുത പദ്ധതി നിർമ്മാണത്തിനുശേഷം കടകളിലേക്കും ഭൂമിയിലേക്കും വഴി സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച്, ചിറങ്ങര മേൽപ്പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുത്താൽ സാമൂഹ്യ പ്രത്യാഘാതം ഏറ്റവും കുറവായിരിക്കും എന്നതിനാൽ ഭൂമി ഏറ്റെടുക്കുന്നതിന് വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

വിദഗ്ധ സമിതിയുടെ തീരുമാനം എല്ലാ സമിതി അംഗങ്ങളും അംഗീകരിക്കുന്നു.

2019 ഏപ്രിൽ 25ന് ചേർന്ന വിദഗ്ധ സമിതിയിലെ തീരുമാനപ്രകാരം, സമിതിക്കു വേണ്ടി

25/4/19

ചെയർപേഴ്സൺ

ഡോ. ചാക്കോ ജോസ് പി

Dr. Chacko Jose P.
Associate Professor of Economics
Sacred Heart College
Chalakudy
Pin-680307, Thrissur, Kerala

154746/2019/FC DCTSR

## ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടർ രൂപീകരിച്ച സമിതി അംഗങ്ങൾ

| | | |
|---|---|---|
| 1 | രണ്ടു അനോദ്യോഗിക സാമൂഹ്യ ശാസ്ത്രജ്ഞന്മാർ | 1. ഡോ ചാക്കോ ജോസ് പി<br>അസ്സോസിയേറ്റ് പ്രൊഫസർ<br>സാമ്പത്തിക ശാസ്ത്ര വിഭാഗം<br>സേക്രഡ് ഹാർട്ട് കോളേജ്, ചാലക്കുടി<br>(സമിതി ചെയർ പേഴ്സൺ) |
| | | 2. ഡോ ജോർജ് അലക്സ്<br>അസ്സോസിയേറ്റ് പ്രൊഫസർ<br>ചരിത്ര വിഭാഗം<br>St. തോമസ് കോളേജ്, തൃശ്ശൂർ |
| 2 | പുനരധിവാസ പ്രവർത്തനങ്ങളിൽ വിദഗ്ദരായ രണ്ടു പേർ | 3. ശ്രീ പ്രേംചന്ദ് കെ<br>സ്പെഷ്യൽ തഹസിൽദാർ, എൽ എ),<br>തൃശ്ശൂർ കോർപ്പറേഷൻ |
| | | 4. ശ്രീ പി . കെ. ഗോപാലൻ<br>റിട്ടയേർഡ് ഡെപ്യൂട്ടി കളക്ടർ |
| 3 | സാങ്കേതിക വിദഗ്ദൻ | 5. ശ്രീ കെ. എ . ചന്ദ്രൻ<br>റിട്ടയേർഡ് ജനറൽ മാനേജർ, KSCC |
| 4 | ബാധിക്കപെട്ട പ്രദേശത്തെ രണ്ടു പഞ്ചായത്ത് പ്രതിനിധികൾ (ഒരു വനിതാ അംഗം ഉൾപ്പെടെ) | 6. ശ്രീ കെ. പി . തോമസ്<br>ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ,<br>കൊരട്ടി ഗ്രാമ പഞ്ചായത്ത് |
| | | 7. ശ്രീമതി ബിസ്സി ജോസ്<br>വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ,<br>കൊരട്ടി ഗ്രാമ പഞ്ചായത്ത് |

**ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച്
നടത്തിയ സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ
ബഹുമാനപ്പെട്ട തൃശൂർ ജില്ല കലക്ടർ രൂപീകരിച്ച സമിതിയുടെ യോഗം**

**ഏപ്രിൽ 4, 2019, വ്യാഴം, 11 മണി, തൃശൂർ കളക്ടറേറ്റ്**

1. പി. ആ. ഹേമലത 4/4/19
2. George Alex 4/4/19
3. K. A. Chandran
4. K. Premchand. Spl Tahsildar LA, Corporation Thrissur 4/4/19
5. Bissy Jose
6. KP Thomas Vice President
7. Chacko Jose P

വിദഗ്ധ സമിതിയുടെ യോഗ മിനിട്സ്

വിദഗ്ധ സമിതിയുടെ ആദ്യ യോഗം 2019 ഏപ്രിൽ 4ന്
തൃശ്ശൂർ കലക്ട്രേറ്റിൽ ഡെപ്യൂട്ടി കലക്ടർ (എൽ. എ)യുടെ
ചേംബറിൽ, ചെയർപേഴ്സൺ ചാക്കോ ജോസ് പിയുടെ
അധ്യക്ഷതയിൽ 11 മണിക്ക് ചേർന്നു. സമിതിയിലെ എല്ലാ അം
ഗങ്ങളും സന്നിഹിതരായിരുന്നു. സാമൂഹ്യ പഠന പ്രത്യാ
ഘാത റിപ്പോർട്ട്, ചെയർപേഴ്സൺ വിശദീകരിച്ചു.
വിദഗ്ധ സമിതി റിപ്പോർട്ട് വിശകലനം ചെയ്തു. ചിറ
ങ്ങരയിൽ മേൽപ്പാലം നിർമ്മിക്കാനായി ഭൂമി ഏറ്റെടു
ക്കുന്ന സ്ഥലം, 2019 ഏപ്രിൽ 25ന് 11 മണിക്ക് സമിതി
സന്ദർശിക്കാനും, അതിനുശേഷം ചാലക്കുടി സേക്രഡ് ഹാർ
ട്ട് കോളേജിൽ വെച്ച് യോഗം ചേർന്ന് അന്തിമ റിപ്പോർട്ട്
തയ്യാറാക്കുന്നതിനും തീരുമാനിച്ചു. യോഗം 12മണിക്ക് പിരിഞ്ഞു

ചെയർപേഴ്സൺ

04.04.2019

ഡോ. ചാക്കോ ജോസ് പി

154746/2019/FC DCTSR

**ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ ബഹുമാനപ്പെട്ട തൃശൂർ ജില്ല കലക്ടർ രൂപീകരിച്ച സമിതിയുടെ ഫീൽഡ് സന്ദർശനം**

**ഏപ്രിൽ 25, 2019, വ്യാഴം, 11 മണി,**
**നിർദിഷ്ട റെയിൽവേ മേൽപാലം പരിസരം, ചിറങ്ങര**

1. പി. സി. ഗോപാലൻ 25/4/19
2. K. പ്രേംചന്ദ്, Spl. തഹസിൽദാർ, LA കോർപ്പറേഷൻ, തൃശൂർ 25/4/19
3. K.P. തോമസ് മെമ്പർ പഞ്ചായത്ത്, കൊരട്ടി 25/04/19
4. K. A. ചന്ദ്രൻ
5. ബിന്ദി ജോസ്
6. ജോർജ്ജ് അലക്സ്
7. Chacko Jose P

ചിറങ്ങരയിൽ മേൽപ്പാലം നിർമ്മിക്കാനായി ഭൂമി ഏറ്റെടുക്കുന്ന സ്ഥലം 2019 ഏപ്രിൽ 25ന് 11 മണിക്ക് സമിതി സന്ദർശിച്ചു. സാമൂഹ്യപ്രത്യാഘാത യൂണിറ്റ് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൽ പറയുന്ന വസ്തുതകൾ സമിതി നേരിൽ കണ്ടു ബോധ്യപ്പെട്ടു. സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ട് വസ്തുനിഷ്ഠമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. 12 മണിക്ക് സമിതി യോഗം ചേരുന്നതിനായി ചാലക്കുടി സേക്രഡ് ഹാർട്ട് കോളേജിലേക്ക് പുറപ്പെട്ടു.

ചെയർപേഴ്സൺ

ഡോ. ചാക്കോ ജോസ് പി

25.04.2019

154746/2019/FC DCTSR

**ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച്**
**നടത്തിയ സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ**
**ബഹുമാനപ്പെട്ട തൃശൂർ ജില്ല കലക്ടർ രൂപീകരിച്ച സമിതിയുടെ യോഗം.**
**ഏപ്രിൽ 25, 2019, വ്യാഴം,**

SACRED HEART COLLEGE, CHALAKUDY
TIME: 1.00

1. പി. ആർ. [illegible] 25/4/19
2. കെ. പ്രേംചന്ദ് 25/4/19
3. K.P. തോമസ് [illegible] 25/4/19
4. കെ. എം. ചന്ദ്രൻ 25/4/19
5. ഷീലി ജോസ്
6. ജോൺ [illegible] അലക്സ്
7. Chacko Jose P

വിദഗ്ധ സമിതി 1.00 മണിക്ക് ചാലക്കുടി സേക്രഡ് ഹാർട്ട് കോളേജ് കോൺഫ്രൻസ് ഹാളിൽ യോഗം ചേരുകയും സമിതി നടത്തിയ ചർച്ചകളുടെയും സ്ഥലസന്ദർശനത്തിന്റെയും വെളിച്ചത്തിൽ സമിതിയുടെ അന്തിമ കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. പദ്ധതിയുടെ നേട്ടങ്ങൾ നഷ്ടങ്ങളെക്കാളും വളരെ അധികമായതിനാൽ, ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതുമൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും പരിഗണിച്ച് RFCT LARR Act 2013 ന്റെ വെളിച്ചത്തിൽ, കേരള സംസ്ഥാനത്തിൽ നിലനിൽക്കുന്ന പ്രസക്ത നിയമങ്ങൾ അനുസരിച്ച് ന്യായമായ നഷ്ടപരിഹാരവും പുനഃസ്ഥാപനവും നൽകി ചിറങ്ങര റെയിൽവേ മേൽപാലത്തിന് സ്ഥലം ഏറ്റെടുക്കാവുന്നതാണ് എന്ന് സമിതി ശുപാർശ ചെയ്യുന്നു. സമിതിയുടെ തീരുമാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിനും അത് ജില്ലാ കലക്ടർക്ക് സമർപ്പിക്കുന്നതിനും ചെയർപേഴ്സനെ അധികാരപ്പെടുത്തുകയും ചെയ്തു. 2 മണിക്ക് യോഗം പിരിഞ്ഞു.

ചെയർപേഴ്സൺ

25.04.2019

ഡോ. ചാക്കോ ജോസ് പി